**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - വികലാംഗർക്ക് രണ്ട് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം.90/2019/ധന. തീയതി, തിരുവനന്തപുരം,16/02/2019

പരാമർശം :- 06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പുതിയ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ഡേറ്റാ എൻട്രി അനുവദിക്കുകയും പുതുക്കിയ അർഹതാ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത പരാമർശത്തിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(ii) ൽ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുമെന്ന് ഉത്തരവായിരുന്നു. വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റേതെങ്കിലും പെൻഷൻ ( സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ) ലഭിച്ചു വരുന്ന വികലാംഗനായ ഒരു വ്യക്തിക്ക് പുതുതായി വികലാംഗ പെൻഷൻ ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ ഒരു വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതുതായി വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണെന്ന് ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി( ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്( ഇ നം 1073745)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.